(സി) യൂണിവേഴ്സിറ്റി കാളേജുകളിലും പ്രൈവറ്റ്കാളേജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടില്ലെങ്കിലും പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവിടെ പ്രവേശനം ലഭിക്കുന്നുണ്ട്. അതുകൊണ്ട് വിവിധ കാളേജുകളിൽ നിന്നും ഇൻറർമീഡിയറ് പരീക്ഷ ജയിച്ചുവരുന്ന പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ്, മെഡിക്കൽ എന്നീ കാളേജുകളിൽ പ്രവേശനം ലഭിക്കുന്നതിനു ഇപ്പോഴത്തെ സംവരണവ്യവസ്ഥയനുസരിച്ചു സാധിക്കുന്നതാണ്.

(ഡി) ഗവണ്മെൻറ് കാളേജുകളിൽ റിസർവ് ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കാളേജുകളിൽ റിസർവ് ചെയ്യുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

(ഇ) ഉണ്ട്.

ബേസിക്ക് സ്കൂളുകൾ.

* 291. [59] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ ബേസിക്ക് സ്കൂളുകൾ പുതുതായി എത്രയെണ്ണം ആരംഭിച്ചിട്ടുണ്ട് ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാം ;

(സി) പാലോട് നിയോജകമണ്ഡലത്തിലുള്ള മലയടികാണി പ്രൈമറിസ്കൂൾ പെരിങ്ങമല ഞാറനീലകാണി പ്രൈമറിസ്കൂൾ ബേസിക്ക് സ്കൂളുകളായി മാറ്റുന്നതിനു ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 32.

(ബി) ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ബേസിക്ക് സ്കൂളുകളായി രൂപാന്തരപ്പെടുത്തുവാൻ തെരഞ്ഞെടുക്കുന്ന പ്രൈമറിസ്കൂളുകളുടെ കൂട്ടത്തിൽ ഇക്കാര്യവും യഥാവസരം പരിഗണിക്കുന്നതാണ്.

മലയാളഭാഷാനിഘണ്ടു.

* 292. [61] ശ്രീ സി. കൊച്ചുകുഞ്ഞു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു മലയാളഭാഷാനിഘണ്ടു തയ്യാറാക്കുന്നതിലേയ്ക്കു തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നു് ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ;

(ബി) അങ്ങനെ നിയോഗിച്ചിട്ടുള്ള ആൾക്ക് എന്തെങ്കിലും പ്രതിഫലം അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആൾക്ക് എന്നുമുതൽ എത്ര രൂപയാണു് അനുവദിച്ചിരിക്കുന്നതു് ;

(സി) നിഘണ്ടു നിർമ്മാണം സംബന്ധിച്ചു് എന്തു സംഖ്യ ചെലവായി, ജോലി എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ?

† Please See Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മലയാളഭാഷാനിഘണ്ടു തയ്യാറാക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ശ്രീ. പി. എൻ. കുഞ്ഞൻപിള്ളയാണ് നിഘണ്ടു നിർമ്മാണത്തിനായി നിയോഗിച്ചിട്ടുള്ളതു്. അദ്ദേഹത്തിനു അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിൽ 450–50–750 രൂ. ആണു്. അദ്ദേഹത്തെ നിയമിച്ചതു് 8–7–1953 മുതലാണു്.

(സി) ഉദ്ദേശം (60000) അറുപതിനായിരം ഉറുപ്പിക ചെലവായിട്ടുണ്ട്. ജോലി തൃപ്തികരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതി പ്ലാൻ ചെയ്തിട്ടുള്ള പണികൾ.

* 293. [64] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി തിരുവിതാംകൂർ–കൊച്ചിയിൽ പ്ലാൻ ചെയ്തിട്ടുള്ള പണികൾ, ഈ കാലഘട്ടത്തിനുള്ളിൽതന്നെ ചെയ്തുതീർക്കുന്നതിനു് എന്തൊക്കെ നടപടികളാണു് ഇതു ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു് ;

(ബി) ഏപ്രിൽ, മേയ്, ജൂൺ ഈ മൂന്നു മാസങ്ങളിലെ പ്രവൃത്തനങ്ങൾ കണക്കിലെടുത്തുനോക്കിയിട്ടു് ജോലികൾതൃപ്തികരമായി പുരോഗമിക്കുന്നുണ്ടെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ ;

(സി) ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള ജോലികളുടെ എത്ര ശതമാനം ഈ കാലഘട്ടത്തിനുള്ളിൽ പൂർത്തീകരിക്കപ്പെട്ടുവെന്നാണു് ഗവണ്മെൻറ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ബഡ്ജറിൽ അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കി ഈയാണ്ടിൽതന്നെ പദ്ധതി പൂർത്തിയാക്കണമെന്നു് ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർക്കു് ഗവണ്മെൻറിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ടു്. അവർക്കു് അതിലുള്ള ക്രമതല വിശദീകരിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) ഉണ്ടു്.

(പ്രസ്തുത മാസങ്ങളിലെ പ്രവൃത്തനങ്ങളെ മാത്രം ആസ്പദമാക്കിയല്ല ഇപ്രകാരം ബോദ്ധ്യമുണ്ടായിട്ടുള്ളതു്.)

(സി) 65.39 ശതമാനം.

(1954–55, അവസാനംവരെ)

പേ കമ്മിഷൻ.

* 294. [65] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പേ കമ്മിഷൻ പ്രവൃത്തനം തുടങ്ങിയതിനുശേഷം ഇതിനകം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly